**കേരള സർക്കാർ**

നം. 83/2021/ധന.

ധനകാര്യ(പെൻഷൻ-എ)വകുപ്പ്
തിരുവനന്തപുരം
**തീയതി, 23/09/2021**

**<u>സർക്കുലർ</u>**

വിഷയം : Deferred സാലറി തിരികെ നൽകുമ്പോൾ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നത് – തുടർമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : സർക്കുലർ നമ്പർ 71/2021/ധന. തീയതി, 03/09/2021

***********************************************

ജീവനക്കാർക്ക് deferred സാലറി തിരികെ നൽകുന്ന വേളയിൽ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2020 മാർച്ച് മാസം സർവീസിൽ ഇല്ലാത്തവരുടെയും, ഏതാനും മാസങ്ങളിലെയോ ദിവസങ്ങളിലെയോ മാത്രം ശമ്പളം defer ചെയ്ത ജീവനക്കാരുടെയും കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് സൂചന സർക്കുലറിൽ സർക്കാർ പ്രത്യേകമായി പരാമർശിച്ചിരുന്നില്ല.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള തുടർമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. അഞ്ച് മാസത്തെ ശമ്പളം പൂർണമായും defer ചെയ്തിട്ടില്ലാത്ത ജീവനക്കാരുടെ കാര്യത്തിൽ, തിരികെ നൽകുന്ന ആകെ deferred സാലറിയിലെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% കണക്കാക്കി ടി തുക അവസാന ഗഡു തിരികെ നൽകുന്ന വേളയിലോ സൂചന സർക്കുലറിലെ 2(iii) ന് വിധേയമായോ ഡി.ഡി.ഒ -മാർ കുറവ് ചെയ്യേണ്ടതാണ്.

ii. 2020 മാർച്ച് മാസത്തിൽ ഏതെങ്കിലും കാരണവശാൽ (സർവീസിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലോ, ശൂന്യവേതന അവധിയിലായതിനാലോ, സസ്പെൻഷനിൽ ആയതിനാലോ etc.) എൻ.പി.എസ് വിഹിതം അടവാക്കിയിട്ടില്ലാത്തതോ ഭാഗികമായി മാത്രം അടവാക്കിയിട്ടുള്ളതോ ആയ ജീവനക്കാരുടെ കാര്യത്തിൽ, അവർക്ക് തിരികെ ലഭിക്കുന്ന ആകെ deferred സാലറിയിലെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% കണക്കാക്കി ടി തുക അവസാന ഗഡു തിരികെ നൽകുന്ന വേളയിലോ സൂചന സർക്കുലറിലെ 2(iii) ന് വിധേയമായോ ഡി.ഡി.ഒ -മാർ കുറവ് ചെയ്യേണ്ടതാണ്.

iii. സൂചന സർക്കുലർ പുറപ്പെടുവിക്കുന്നതിനു മുൻപ് തന്നെ deferred സാലറിയുടെ അവസാന ഗഡുവും encash ചെയ്തിട്ടുള്ള എൻ.പി.എസ് -ൽ ഉൾപ്പെട്ട ജീവനക്കാരുടെ

സെപ്റ്റംബർ മാസത്തെ ശമ്പളത്തിൽ നിന്നും അവർക്ക് തിരികെ ലഭിച്ച ആകെ deferred സാലറിയിലെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% കണക്കാക്കി ബന്ധപ്പെട്ട ഡി.ഡി.ഒ -മാർ ടി തുക ട്രഷറി ചലാൻ വഴി അടവാക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാരുടെ deferred സാലറിയിൽ നിന്നും സ്പാർക്ക് വഴി എൻ.പി.എസ് വിഹിതം അടവാക്കിയിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന സത്യപ്രസ്താവന ഡി.ഡി.ഒ -മാർ ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

എ. ഷിബു
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ.**

പകർപ്പ് :-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. സ്പാർക്ക് പി.എം.യു, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ ഭരണവകുപ്പുകൾക്കും.
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (E – 1844678)

# സത്യപ്രസ്താവന

ഈ ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരുടെ ആകെ deferred സാലറി, deferred സാലറിയിലെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുക, deferred സാലറിയിലെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% എന്നിവ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്നു. കോളം 5 -ലെ തുകയാണ് എൻ.പി.എസ് വിഹിതമായി അടവാക്കുന്നത് എന്ന് സാക്ഷ്യപ്പെടുത്തുന്നു. 23/09/2021 തീയതിയിലെ 83/2021/ധന. നമ്പർ സർക്കുലറിലെ 2(iii) ന് വിധേയമായി ചലാൻ മുഖാന്തിരം തുക അടവാക്കുന്നതാണ്. ജീവനക്കാരന്റെ deferred സാലറിയിൽ നിന്നും സ്പാർക്ക് വഴി എൻ.പി.എസ് വിഹിതം അടവാക്കിയിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നമ്പർ (1) | പേര് (2) | Deferred സാലറി (3) | കോളം 3 -ന്റെ അടിസ്ഥാനശമ്പളം + ക്ഷാമബത്ത (4) | കോളം 4 -ന്റെ 10% (5) |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

തീയതി

സ്ഥലം

ഒപ്പ്

പേര്

പെൻ നമ്പർ